ഉത്തരം

(എ) ഏജ് (അസിസ്റ്റന്റ്സ് ഫോർ ജെറിയാടിക് എമർജൻസീസ്) എന്ന പദ്ധതി ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്നുവെങ്കിലും അതിനായി പ്രത്യേക ഫണ്ട് നീക്കിയിരുപ്പ് നടത്തിയിട്ടില്ലായിരുന്നു. ആരോഗ്യവകുപ്പിന്റെ 'എൽഡേർലി കെയർ' പദ്ധതിവഴി ഇതിനോടകം മിക്ക ജില്ലകളിലെയും പ്രധാന സർക്കാർ ആശുപത്രികളിൽ ജെറിയാടിക് വാർഡുകളും ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. പുതിയ പദ്ധതിയായ 'ഏജ്' നടപ്പിലാക്കുന്നതിലേക്കായി നിലവിലെ പദ്ധതികളുടെ പോരായ്മകൾ മനസ്സിലാക്കുന്നതിനും ഇത് നിലവിലില്ലാത്ത ജില്ലാശുപത്രികളിൽ സജ്ജീകരിക്കേണ്ട സംവിധാനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനും ഗ്യാപ് അനാലിസിസ് നടത്തുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) എല്ലാ ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും വൃദ്ധജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ജെറിയാടിക് ക്ലിനിക്കുകൾ, ജെറിയാടിക് വാർഡുകൾ, എൽഡർലി ഫ്രണ്ട് ലി ടോയ്ലെറ്റുകൾ എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ. (നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലി) പ്രകാരം പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലെ ജില്ലാശുപത്രികളിൽ വിപുലമായ സൗകര്യങ്ങളോടുകൂടിയ ജെറിയാടിക് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതി നിലവിലുള്ള മറ്റ് ജില്ലകളായ ഇടുക്കിയിലും കോഴിക്കോടും ഫിസിയോതെറാപ്പി സൗകര്യം ഉൾപ്പെടുന്ന ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്.

ആർ.സി.സി.യിലെ വികസന പ്രവർത്തനങ്ങൾ

13 (8073) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ വികസനത്തിനും നടത്തിപ്പിനുമായി ഈ സർക്കാർ 2013-14 വർഷത്തിൽ എത്ര തുകയാണ് നീക്കി വച്ചിരുന്നത് ; അതിൽ എത്ര ചെലവഴിച്ചു ; അതുപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ വികസനത്തിനും നടത്തിപ്പിനുമായി ഈ സർക്കാർ 2013-2014 വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ 26.64 കോടി രൂപയും പദ്ധതി ഇനത്തിൽ 42.17 കോടി രൂപയും നീക്കിവച്ചിരുന്നു. പദ്ധതിയേതര ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിന് അനുവദിച്ച 22.50 കോടി രൂപയും ആർ.സി.സി.യിലെ രോഗികൾക്ക് മരുന്നും റീ-ഏജന്റുകളും വാങ്ങുന്നതിന് അനുവദിച്ച 4.14 കോടി രൂപയും പൂർണ്ണമായും ചെലവഴിച്ചു.

പദ്ധതി ഇനത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന 42.17 കോടി രൂപ പൂർണ്ണമായും ആർ.സി.സി.യുടെ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പ്രധാനമായും ഏഴിനങ്ങളിലായാണ് പദ്ധതി തുക അനുവദിച്ചത്:

1. സ്ത്രീകളിലെ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ.
2. കുട്ടികളിലുണ്ടാകുന്ന ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്
3. പുകയിലയുടെ ഉപയോഗംമൂലമുണ്ടാകുന്ന ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്
4. പൊതുവായ ക്യാൻസറുകൾ ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്
5. ഗവേഷണ പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്
6. ന്യൂക്ലിയർ മെഡിസിൻ സെന്റർ സ്ഥാപിക്കുന്നതിന്
7. ഭൗതിക സൗകര്യവികസനത്തിന്.

ഇപ്പോൾ പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന 10 നിലകെട്ടിടത്തിനു പുറമെ മെഡിക്കൽ കോളേജിൽനിന്ന് ലഭിച്ച സ്ഥലത്ത് ഒരു പുതിയ കെട്ടിടംകൂടി നിർമ്മിക്കുന്നതിന് മുന്നോടിയായി അനുവദിച്ച സ്ഥലത്ത് നിൽക്കുന്ന മെഡിക്കൽ കോളേജ് വക ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി സൈറ്റ് ലെവലിംഗ് നടത്തി ഫെൻസിംഗ്,

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ ലൈൻ റീറ്റിംഗ് എന്നിവയുടെ പണികൾക്ക് കരാർ നടപടികൾ പൂർത്തിയാക്കി. പുതുതായി ഒരു സെൻട്രൽ സ്റ്റെർലൈസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. ആധുനിക രീതിയിലുള്ള എൻഡോസ്കോപ്പി, മൈനർ ഒ. പി. എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നു. ഔട്ട്പേഷ്യന്റ് സൗകര്യങ്ങൾ ആധുനീകരിക്കുക, വ്യത്യസ്ത വിഭാഗം രോഗികൾക്ക് സർജിക്കൽ ഐ.സി.യു. സ്ഥാപിക്കുക, ഉന്നതനിലവാരമുള്ള തിയേറ്റർ ഉപകരണങ്ങൾ സംഭരിക്കുക, ആധുനിക രീതിയിൽ കീമോതെറാപ്പി വാർഡുകൾ സജ്ജീകരിക്കുക, ബ്ലഡ് ബാങ്കിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക പാലിയേറ്റീവ് കെയർ സൗകര്യങ്ങൾ നവീകരിക്കുക തുടങ്ങിയവയ്ക്കും പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

പുതിയ ഐ.സി.യു. ബെഡ്ഡുകൾ, തിയേറ്റർ ടേബിൾ, ഹൈവോൾട്ടേജ് ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം, അഫാറിസിസ് മെഷീൻ, സ്പെക്ട് ഗ്യാമ ക്യാമറ, കമ്പ്യൂട്ടർ ഉപകരണങ്ങൾ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, റിയൽ ടൈം പി.സി.ആർ., ടിഷ്യുപ്രോസസ്സർ, മൾട്ടിപാരാമീറ്റർ, മോണിറ്റർ എന്നിവ വാങ്ങുന്നതിന് ഗ്ലോബൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ജില്ലാ ക്യാൻസർ കെയർ പദ്ധതി

14 (8074) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് "ജില്ലാ കാൻസർ കെയർ" പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാകുന്നത് എവിടെയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളും റീജിയണൽ കാൻസർ സെന്ററുകളുമില്ലാത്ത ജില്ലകളിൽ സർക്കാർ മേഖലയിൽ സൗജന്യ അർബുദ രോഗ ചികിത്സ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ ക്യാൻസർ കെയർ പദ്ധതി ആരംഭിച്ചത്. എന്നാൽ പദ്ധതിയുടെ പൊതുജന സ്വീകാര്യത കണക്കിലെടുത്ത് ഇത്